പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :4789 | 22.03. 2018 ൽ മറുപടിക്ക്

**വ്യവസായ സ്ഥാപനങ്ങൾക്കുള്ള വൈദ്യുതി നിരക്ക്**

ചോദ്യം

ഡോ.എം.കെ.മുനീർ
"ശ്രീ.പാറയ്ക്കൽ അബ്ദുള്ള
"അബ്ദുൽ ഹമീദ് പി.
"പി.കെ.ബഷീർ

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വ്യവസായ സ്ഥാപനങ്ങൾക്ക് ഏത് നിരക്കിലാണ് വൈദ്യുതി വിതരണം ചെയ്യുന്നത്; വ്യക്തമാക്കുമോ; | (എ) വ്യവസായ സ്ഥാപനങ്ങളെ വൈദ്യുതി നിരക്ക് നിർണ്ണയിക്കുന്നതിന് അവയുടെ സ്വഭാവമനുസരിച്ച് രണ്ടായി തിരിച്ചിരിക്കുന്നു. എൽ.റ്റി 4 – എ യും എൽ.റ്റി 4 - ബിയും. എൽ.റ്റി 4 – എ യിൽ 10 കിലോ വാട്ട് വരെ കണക്റ്റഡ് ലോഡുള്ള കണക്ഷന് മാസം 100 രൂപയും, 10 കിലോ വാട്ട് മുതൽ 20 കിലോ വാട്ട് വരെ, കിലോവാട്ടിന് മാസം 75 രൂപയും, 20 കിലോവാട്ടിന് മുകളിൽ ഒരു കെ.വി.എ യ്ക്ക് പ്രതിമാസം 150 രൂപയും ഫിക്സഡ് ചാർജ്ജ് ആയും യൂണിറ്റൊന്നിന് 5.50 രൂപ എനർജി ചാർജ്ജായും ഈടാക്കുന്നു. എന്നാൽ വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന കേന്ദ്രങ്ങളിലെ വൈദ്യുതി കണക്ഷനുകൾക്ക് (എൽ.റ്റി 4 – ബി), 10 കിലോവാട്ട് വരെ കണക്റ്റഡ് ലോഡുള്ള കണക്ഷന് പ്രതിമാസം 100 രൂപയും, 10 മുതൽ 20 വരെ കണക്റ്റഡ് ലോഡുള്ള കണക്ഷന് കിലോവാട്ടിന് പ്രതിമാസം 60 രൂപയും, 20 കിലോ വാട്ടിനു മുകളിൽ ഒരു കെ.വി.എ യ്ക്ക് പ്രതിമാസം 125 രൂപ നിരക്കിലും ഫിക്സഡ് ചാർജ്ജ് ഇനത്തിലും യൂണിറ്റൊന്നിന് 6.00 രൂപ നിരക്കിൽ എനർജി ചാർജ്ജ് ഇനത്തിലും ഈടാക്കി വരുന്നു. |
| (ബി) പുതുതായി ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകുവാൻ നിലവിൽ വ്യവസ്ഥയുണ്ടോ;ഇല്ലെങ്കിൽ പുതിയ വ്യവസായങ്ങളെ ആകർഷിക്കുന്നതിനായി കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ബി) നിലവിൽ ഇത്തരത്തിൽ ഒരു വ്യവസ്ഥയില്ല. പുതുതായി വ്യവസായങ്ങളെ ആകർഷിക്കുന്നതിനാവശ്യമായ നടപടികൾ നയപരമായ തീരുമാനം എടുക്കേണ്ടുന്ന വിഷയമാണ്. ഇലക്ട്രിസിറ്റി ആക്ട്, 2003 ലെ സെക്ഷൻ 65 പ്രകാരം സംസ്ഥാന സർക്കാരിന് ഏതൊരു ഉപഭോക്താവിനോ, ഏതൊരു വിഭാഗങ്ങൾക്കോ സബ്സിഡി നൽകി താരിഫ് കുറയ്ക്കുന്നതിന് വ്യവസ്ഥയുണ്ട്. എന്നാൽ ഈ വിധത്തിൽ ഇളവുകൾ നൽകുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത മുൻകൂറായി കെ.എസ്.ഇ.ബി.എൽ ന് നൽകേണ്ടതാണ് എന്നാണ് നിയമവ്യവസ്ഥ. |

സെക്ഷൻ ഓഫീസർ